പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 4341 | 4.2.2014 ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. പി. കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അസാപ്പിന് കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | അധിക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (അസാപ്പ്) യുടെ ഭാഗമായി നൈപുണ്യ വികസനം സുസ്ഥിരമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വീതം ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തന്നെ തൊഴിൽ നൈപുണ്യം ആർജ്ജിക്കുന്നതിന് തൊഴിൽ ദാതാക്കളെ വ്യവസായ പങ്കാളികളുടെ സഹകരണത്തോടെ ആധുനിക സജ്ജീകരണങ്ങളുമായി പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. വിദ്യാർത്ഥികൾക്കു പുറമേ, നിലവിലുള്ള തൊഴിലിൽ ഉയർച്ച നേടുന്നതിനോ പരിശീലനം ആഗ്രഹിക്കുന്ന എല്ലാപേർക്കും അതിനുള്ള അവസരം നൽകുന്നതിനായി കമ്മ്യൂണിറ്റി കോളേജുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ബി) | കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചാത്തമംഗലത്തു പ്രവർത്തിക്കുന്ന ഡവലപ്മെന്റ് സ്കൂളിനോട് ചേർന്ന് പഞ്ചായത്ത് വിദ്യാഭ്യാസ ആവശ്യത്തിനായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് |

സ്ഥാപിക്കാൻ അനുയോജ്യമാണോയെന്ന്
അറിയുന്നതിനായുള്ള പ്രാഥമിക
പരിശോധന കഴിഞ്ഞിട്ടുണ്ട്.
കമ്മ്യൂണിറ്റി സ്കിൽ പാർക്ക്
സ്ഥാപിക്കുന്നതിനായി മറ്റ് അനുയോജ്യമായ
സ്ഥലം അതാത് നിയമസഭാ മണ്ഡലങ്ങളിലെ
എം.എൽ.എൽ മാർ നിർദ്ദേശിക്കുകയാണെങ്കിൽ
ആയതും പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ